ഉത്തരം

(എ) ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 33 വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പരിഗണനയിലില്ല.

തൊഴിൽ പരിശീലന പദ്ധതി

7 (1738) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന നൈപുണ്യ സമുന്നതി പദ്ധതിയുടെ കീഴിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്ലേയ്സ്മെന്റും എന്ന സ്കീം നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം കേരള സർക്കാർ സ്ഥാപനമായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) തൊഴിൽ രഹിതരായ യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി അവർക്ക് നൈപുണ്യ പരിശീലനം നൽകി പ്ലേയ്സ്മെന്റ് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി 1 കോടി രൂപ വീതം സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തേയ്ക്ക് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തേയ്ക്ക് 1 കോടി രൂപ അനുവദിച്ച് നൽകുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ഗസറ്റഡ് റാങ്കോടെ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക

8 (1739) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, കെ.പി.എസ്.സി., എ.ജി. എന്നീ ഓഫീസുകളിൽ ടൈപ്പിസ്റ്റുമാർക്ക് പ്രമോഷനാകുമ്പോൾ ഗസറ്റഡ് റാങ്കുള്ള ഓഫീസ് സൂപ്രണ്ട് തസ്തിക നിലവിലുള്ളതു പോലെ വിവിധ വകുപ്പുകളിൽ ടൈപ്പിസ്റ്റുമാരുടെ പ്രമോഷൻ തസ്തികയായ ഫെയർകോപ്പി സൂപ്രണ്ട് തസ്തിക സീനിയർ സൂപ്രണ്ട് തലത്തിൽ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അവർക്ക് സീനിയർ സൂപ്രണ്ട് സ്കെയിലിൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല

അസ്സറ്റ് സ്റ്റേറ്റ്മെന്റ്

9 (1741) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ മന്ത്രിമാരും അസ്സറ്റ് സ്റ്റേറ്റ്മെന്റ് നൽകിയിട്ടുണ്ടോ;

(ബി) അസ്സറ്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഭൂപരിഷ്കരണനിയമത്തിന് വിരുദ്ധമായി അധികം ഭൂമിയുള്ളവരുണ്ടോ; എങ്കിൽ ഏതെല്ലാം മന്ത്രിമാർക്ക്, എത്ര ഭൂമിയുണ്ടെന്ന് അറിയിക്കാമോ;

(സി) മന്ത്രിമാർ നിയമം ലംഘിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത നിയമപ്രകാരം പരിധിയിൽ അധികം ഭൂമി കൈവശമുള്ളർക്കെതിരെ സ്വീകരിക്കുന്ന നടപടി എന്താണ്; അങ്ങനെയുള്ള മന്ത്രിമാരുണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly